കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8-429/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8-429/22 തീയ്യതി: 18/05/2022

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ

അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ദ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	06-04-2022	19-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-04-2022	19-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി എൽസി ക്രിസ്റ്റഫർ	പ്രസിഡന്റ്	01-04-2020	08-11-2020
ഭരണ നിർവ്വഹണ സമിതി	പ്രസിഡന്റ്	09-11-2020	20-12-2020
ശ്രീ. ബിനോയ് സി എസ്	പ്രസിഡന്റ്	21-12-2020	31-03-2021

ശ്രീ. പ്രദീപ് റ്റി ജി	സെക്രട്ടറി	01-04-2020	15-09-2020
ശ്രീമതി ശ്രീലേഖ പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	16-09-2020	04-10-2020
ശ്രീ. പ്രദീപ് റ്റി ജി	സെക്രട്ടറി	05-10-2020	03-03-2021
ശ്രീമതി ശ്രീലേഖ പി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീലേഖ പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീ. അപ്പുക്കുട്ടൻ ഇ ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	19-02-2021
ശ്രീമതി രാധിക എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	20-02-2021	31-03-2021
ശ്രീമതി ഡയാന എസ് ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2	01-04-2020	09-06-2020
ശ്രീമതി അഖില വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1&2	10-06-2020	31-03-2021
ശ്രീമതി പ്രേമ എൽ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	31-05-2020
ശ്രീമതി സബിത വി എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-06-2020	31-03-2021
ഡോ. ജേക്കബ് ജോൺ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2020	01-02-2021
ഡോ. മഞ്ജിമ പൗലോസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	02-02-2021	31-03-2021

ഡോ. മിനി എം ആർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2020	30-01-2021
ഡോ. ഷീജാ ബീഗം എസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	31-01-2021	31-03-2021
ഡോ. മീരാ രവീന്ദ്രൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2020	22-09-2020
ഡോ. ശ്രീകാന്ത് എം ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	23-09-2020	31-03-2021
ശ്രീമതി അജിതാദേവി പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	17-11-2020
ശ്രീമതി വിദ്യ എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	18-11-2020	31-03-2021
ഡോ. അനിൽ കെ	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി അമ്പിളി വി.എൽ	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീ ശ്രീകുമാർ ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-11
12	സേവന ഉപനികുതി ഈടാക്കുന്നില്ല	1-12
13	റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല	1-13
14	ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ	1-14
15	ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി	1-15
16	മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല	1-16
17	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-17
18	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- അപാകതകൾ	1-18
19	പ്രളയ ബാധിതർക്ക് ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചു	1-19
20	തരിശ് ഭൂമിയിൽ നെൽകൃഷി - സുഭിക്ഷ കേരളം പദ്ധതി - അപാകതകൾ	1-20

21	കരാറുകാരന് അധിക നിരക്കിൽ തുക അനുവദിച്ച് നൽകി	1-21
22	ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കോൺട്രാക്ടർക്ക് കരാർ നൽകിയില്ല - 115321 രൂപയുടെ നഷ്ടം	1-22
23	അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി കൂടാതെ ടെണ്ടർ അംഗീകരിച്ചു	1-23
24	NREGS പദ്ധതി നടത്തിപ്പിൽ ക്രമക്കേട്	1-24
25	ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല	1-25
26	മാലിന്യ നിർമ്മാർജ്ജനം - അവലോകനം	1-26
27	പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല	1-27
28	അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല	1-28
29	കോവിഡ് അനുബന്ധ ചെലവുകൾ - അവലോകനം	1-29
30	ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - പഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗില്ല	1-30
31	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം	1-31
32	അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കരാറുകാരന് അധിക നിരക്കിൽ തുക അനുവദിച്ച് നൽകി	3-1
2	ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കോൺട്രാക്ടർക്ക് കരാർ നൽകിയില്ല - 115321 രൂപയുടെ നഷ്ടം	3-2
3	ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി	3-3
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്

168000 രൂപ മുന്നിരിപ്പും 116555000 രൂപ വരവും 118723000 രൂപ ചെലവും 1969830 രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 18.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.03.2021-ലെ 2 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക 01.06.2021-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഷെഡ്യൂൾ ബി-3-ൽ 2019-20-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (14566053/-) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. ഷെഡ്യൂൾ ബി-11(A)-ൽ Capital Work In Progress എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള തുക തെറ്റാണ്. തൻ വർഷം മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബിൽ ഇനത്തിൽ തുക ഒന്നും ഇല്ല.

4. ഷെഡ്യൂൾ ബി-18-ൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ്, പൊതു മരാമത്ത് വകുപ്പ് എന്നിവയിൽ നിക്ഷേപിച്ച തുക മുൻ വർഷത്തെ തുക തന്നെയാണ്. ഓഡിറ്റ് വർഷം പ്രസ്തുത മൂന്ന് സ്ഥാപനങ്ങളിലും നിക്ഷേപിച്ച തുകയുടെ വിവരം ഉൾപ്പെട്ടിട്ടില്ല.

5. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5301569

വരവ്	61130214
ആകെ	66431783
ചെലവ്	60502382
നീക്കിയിരിപ്പ്	5929401

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	
					ട്രഷറി ക്യൂബിൽ	ലാപ്സായത്
വികസന ഫണ്ട് (ജനറൽ)	0	11028000	11028000	10437692	0	590308
വികസന ഫണ്ട് (എസ്.സി.പി)	0	3619000	3619000	3618277	0	723
വികസന ഫണ്ട് (റ്റി.എസ്.പി)	0	76000	76000	0	0	76000
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	0	3540000	3540000	2453720	0	1086280
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	0	7880813	7880813	5932116	0	1948697
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	3492000	3492000	3353975	0	138025
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	10977000	10977000	10973801	0	3199
സംസ്ഥാനാവിഷ്കൃത ഫണ്ട്						
ശുചിത്വ മിഷൻ	541280	1662734	2204014	1169768	----	1034206

കേന്ദ്രാവിഷ്കൃത ഫണ്ട്						
MGNREGS	554029	653138	1207167	946602	---	260565
TSC	488028	0	488028	0	---	488028
ഐ.സി.ഡി.എസ്	596314	385445	981759	450000	---	531759
മറ്റ് ഗ്രാന്റുകൾ, അവാർഡുകൾ						
ആരോഗ്യകേരളം അവാർഡ്	500000	0	500000	355640	---	144360
വിമുക്തി	37975	17887	55862	15661	---	40201

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കിയ തുകയായ 744600 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) (73215/-) തുക (സ്രോതസ്സിൽ നിന്നും കുറച്ചത്) വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വോട്ടിംഗ് മെഷിനുള്ള തുകയായ 35319 രൂപ (സ്രോതസ്സിൽ നിന്നും കുറച്ചത്) റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
185	65037343	155	44929733	30	69.08

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
സെക്രട്ടറി	36	26	8907785	6238536	70.03

അസിസ്റ്റന്റ് സെക്രട്ടറി	8	7	936466	834596	89.22
അസിസ്റ്റന്റ് എഞ്ചിനീയർ	80	70	23314574	19803211	84.94
കൃഷി ഓഫീസർ	10	10	5759376	5273320	91.56
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	20	17	17994368	8092917	44.97
ഐ.സി.ഡി.എസ് സൂപ്പർവൈസർ	12	8	3249764	2101172	64.66
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	7	5	1280000	885971	69.22
മെഡിക്കൽ ഓഫീസർ, ആയുർവേദം	1	1	400000	400000	100.00
മെഡിക്കൽ ഓഫീസർ, ഹോമിയോ	1	1	300000	300000	100.00
വെറ്ററിനറി സർജൻ	6	6	1088500	698500	64.17
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	501510	301510	60.12
ഫിഷറീസ് സബ് ഇൻസ്പെക്ടർ	2	2	1305000	0	0.00
ആകെ	**185**	**155**	**65037343**	**44929733**	**69.08**

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	554029	653138	1207167	946602	260565
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	9264000	9264000	9264000	0
100 തൊഴിൽദിനം പൂർത്തിയാക്കി-യവർക്ക് നൽകിയ ബോണസ് തുക	0	74000	74000	74000	0
ആകെ	**554029**	**1170876**	**10545167**	**10284602**	**260565**

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക (സേവന പ്രകാരം)
വാർദ്ധക്യകാല പെൻഷൻ	1466	1874100
വിധവാ പെൻഷൻ	528	715800
കർഷക തൊഴിലാളി പെൻഷൻ	64	87400
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	142	190800
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	16	20200

തൊഴിൽ രഹിത വേതനം	2	1920

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11687 രൂപയുടെ (പതിനൊന്നായിരത്തി അറുനൂറ്റി എൺപത്തിയേഴ് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്നിവയുടെ വർക്കിംഗ് ഗ്രൂപ്പ് ഓഡിറ്റ് വർഷം കൂടിയിട്ടില്ല. ഒട്ടുമിക്ക വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ എല്ലാ മാസത്തിലെ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നത് മാത്രമാണ് ചെയ്യുന്നത്. പുതിയ വരുമാന മാർഗ്ഗം കണ്ടെത്തുകയോ, ചെലവ് നിയന്ത്രണം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയ്ക്കുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നില്ല.

തൊഴിൽ നികുതി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ കൃത്യമായി ഡി.സി.ബി/ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	17.02.2014 മുതൽ 03.03.2014 വരെ	2008-09 മുതൽ 2012-13 വരെ	03.05.2014
പെർഫോമൻസ് ഓഡിറ്റ്	24.09.2021 മുതൽ 29.09.2021 വരെ	2/2020 മുതൽ 3/2021 വരെ	10.12.2021

1-11 രസീതുപരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. (ഉദാ.ബുക്ക് നം.54471, 54473, 7457) സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല.(ഉദാ.ബുക്ക് നം.7453 (83 മുതൽ 100 വരെ), ബുക്ക് നം.7454 (28 മുതൽ 100 വരെ)).

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 സേവന ഉപനികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10% ത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി

ഗ്രാമപ്പഞ്ചായത്തുകളുടെ ചുമതലകളും കർത്തവ്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. സർക്കാർ നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/13.04.2022) റേഷൻ ഷോപ്പുകൾക്ക് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഒടുക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഇവരിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നതിന് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ(പി)നം.80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. മിക്ക സ്ഥാപനങ്ങളും സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല.

3. എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വ്യാപാര ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്‌സ് ലിസ്റ്റ് എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷം 212 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷം 212 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിരിക്കുന്നത്.

2020-21 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ള 212 സ്ഥാപനങ്ങളുടെയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

വാർഡ് നം.	**ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം**	**വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം (സഞ്ചയ പ്രകാരം)**
1	14	45
2	3	17
3	8	22
4	5	17
5	12	37
6	8	21

7	79	259
8	24	90
9	23	60
10	13	47
11	7	27
12	8	23
13	8	41
ആകെ	**212**	**706**

ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുള്ള പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നില്ല. പഞ്ചായത്തിലെ 7 വാർഡുകളിൽ നിന്നും പത്തിൽ താഴെ മാത്രം സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ടി കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18.04.2022) രജിസ്റ്റർ, അപേക്ഷകൾ എന്നിവകളിലെ രേഖപ്പെടുത്തലുകൾ സംബന്ധിച്ച അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 7 മുതൽ 12 വരെ വാർഡുകളിലാണ് മിക്ക വ്യാപാരസ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്നും ഉൾപ്രദേശങ്ങളിലുള്ള കെട്ടിടങ്ങൾ പലതും അടഞ്ഞുകിടക്കുന്നതായും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ലൈസൻസില്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-15 ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാരം പദ്ധതി പ്രകാരം ന്യൂട്രിമിക്സുകൾ വിതരണം ചെയ്ത ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, ഇരവിപേരൂർ എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം തുക നൽകി. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	97/21 അംഗൻവാടി പോഷകാഹാരം

ചെലവ് വിവരങ്ങൾ	ചെലവ് തുക (ബിൽ നം/ചെക്ക് നമ്പർ/തീയതി)
1. വികസനഫണ്ട് (പൊതുവിഭാഗം) – 548734	38594 രൂപ (04/20-21-12.06.2020) 164205 രൂപ (05/20-21-12.06.2020) 148906 രൂപ (06/20-21-12.06.2020) 41797 രൂപ (07/20-21-23.07.2020) 43945 രൂപ (08/20-21-23.07.2020) 55860 രൂപ (09/20-21-23.07.2020) 55427 രൂപ (10/20-21-23.07.2020)
2. കേന്ദ്രാവിഷ്കൃതഫണ്ട് – 450000	ചെക്ക് നം. 397099/03.11.2020 164642 (കേന്ദ്രാവിഷ്കൃതഫണ്ട്) ചെക്ക് നം. 397327/11.01.2021 144432 (കേന്ദ്രാവിഷ്കൃതഫണ്ട്) ചെക്ക് നം. 557508/09.03.2021 107637 (കേന്ദ്രാവിഷ്കൃതഫണ്ട്) ചെക്ക് നം. 557524/26.03.2021 33289 (കേന്ദ്രാവിഷ്കൃതഫണ്ട്)
3. ബ്ലോക്ക് വിഹിതം – 100000	12/20-21 – 09.02.2021 100000 (ബ്ലോക്ക് വിഹിതം)
ആകെ	**1098734**

ഇതിൽ അംഗൻവാടി പോഷകാഹാരം പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതം, കേന്ദ്രാവിഷ്കൃതഫണ്ട് ഇവ പ്രകാരമുള്ള ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/13.04.2022) നൽകിയ മറുപടിയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥ ബ്ലോക്ക് വിഹിതം ഇനത്തിലുള്ള 58203 രൂപയുടെ ചെലവുരേഖകളും കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിലുള്ള 442298 രൂപയുടെ ചെലവുരേഖകളും ലഭ്യമാക്കി.

ബ്ലോക്ക് വിഹിതമിനത്തിൽ ചെലവ് വൗച്ചറുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്ന 41797 രൂപയുടെ ചെലവിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടെന്ന് നിർവ്വഹണാദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ടി തുക (ട്രഷറി ബിൽ നം.07/20-21 23.07.2020 തുക 41797 പ്രകാരം മാറിയിട്ടുള്ളതായും (സ്ഥാപനത്തിന്റെ ബിൽ-നം.29/24.06.2020, ഗ്രാമശ്രീ ന്യൂട്രിമിക്സ്)

ടി തുക ഗ്രാമശ്രീ ന്യൂട്രിമിക്സിൽ നിന്ന് തിരികെ വാങ്ങി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് വിഹിതത്തിൽ നിന്നും മാറ്റിയെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന 7702 രൂപയുടെ ചെലവ് രേഖകൾ (ചെക്ക് നം.557524/26.03.2021-ലെ 33289 രൂപയുടെ ചെലവിൽ ഉൾപ്പെട്ട തുക) പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിരിക്കുന്നത്.

ഗ്രാമശ്രീ ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് അധികമായി നൽകിയ 41797 രൂപ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന 7702 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 7702 രൂപ തടസ്സപ്പെടുത്തുന്നു.

1-16 മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	**കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ബിൽ നമ്പർ- തീയതി**	**പെർഫോർമ ഇൻവോയ്സ് നമ്പർ**	**ലഭ്യമായ മരുന്ന് (രൂപ)**	**ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ)**
90/21 സാന്ത്വന പരിചരണം	150000/- 12/20-21-26.02.2021	PRF 2902/ 13.10.2020	56731	93269
	20000/- 13/20-21-26.02.2021	PRF 2820/ 09.10.2020	0	20000
105/21 പിഎച്ച്സിലേയ്ക്ക് മരുന്നുവാങ്ങൽ	200000/- 05/20-21-14.10.2020	PRF 1863/ 13.08.2020	24192	175808

അവശേഷിക്കുന്ന മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ നമ്പരും പേരും	ക്ഷീരകർഷകർക്ക് പാലിന് സബ്ബ്സിഡി (128/20-21)
വകയിരുത്തിയ തുക	200000 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം) 250000 രൂപ (വികസന ഫണ്ട്)
ചെലവഴിച്ച തുക	250000 രൂപ (വികസന ഫണ്ട്) ബിൽ നമ്പർ 2/14-03-2021 – 137714 രൂപ ബിൽ നമ്പർ 3/14-03-2021 – 112286രൂപ
നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് പ്രകാരം തോട്ടപ്പുഴശ്ശേരി, ചരൽക്കുന്ന്, നെടുമ്പ്രയാർ, കുറിയന്നൂർ എന്നീ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലെ കർഷകർക്കാണ് സബ്സിഡി അനുവദിച്ച് നൽകിയത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ലിറ്റർ പാലിന് നല്കാവുന്ന പരമാവധി സബ്സിഡി തുക നാല് രൂപ മാത്രമാണ്. ഒരു ലിറ്റർ പാലിന് ഗ്രാമപഞ്ചായത്ത് വിഹിതമായ 3 രൂപയും ക്ഷീര വികസന വകുപ്പിന്റെ വിഹിതമായ ഒരു രൂപയും ചേർത്ത് നാല് രൂപ തോതിൽ കണക്കാക്കി കർഷകന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകണമെന്നാണ് 14.02.2018-ലെ ജി.ഒ(എം.എസ്)22/2018/എൽ.എസ്.ജെ.ഡി ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. എന്നാൽ ഒരു ലിറ്റർ പാലിന് നാല് രൂപ വീതം പദ്ധതി വിഹിതത്തിൽ നിന്നുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. 71 കർഷകർക്കായി 62500 ലിറ്റർ പാൽ അളന്നതിനാണ് ഇപ്രകാരം സബ്സിഡി നൽകിയിട്ടുള്ളത്.

ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ മാത്രമാണ് കർഷകർക്ക് സബ്സിഡി നൽകിയത്. സാമ്പത്തിക വർഷം മുഴുവനും കർഷകർക്ക് ആനുകൂല്യം നൽകിയില്ല. ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായെങ്കിലും ചെലവഴിച്ചിട്ടില്ല. അപാകതകൾ സൂചിപ്പിച്ചു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം-1/11-04-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വരും വർഷങ്ങളിൽ കർഷകർക്ക് പാൽ അളക്കുന്നതിനുള്ള സബ്സിഡി ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നുമുള്ളത്

ലിറ്ററിന് മൂന്ന് രൂപയായി നിജപ്പെടുത്തേണ്ടതാണ്. കൂടാതെ സാമ്പത്തിക വർഷം മുഴുവൻ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- അപാകതകൾ

പ്രോജക്ടിന്റെ നമ്പരും പേരും	കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം (21/20-21)
വകയിരുത്തിയ തുക	51510 രൂപ (വികസന ഫണ്ട്)
ചെലവഴിച്ച തുക	51510 രൂപ ബിൽ നമ്പർ 1 /20-11-2020
നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്	ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രോജക്ട് പ്രകാരം കർഷകർ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ മുഖേന വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ആകെ വിലയുടെ 50% വരെ തുക സബ്സിഡിയായി അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. കർഷകർ വാങ്ങുന്ന കാലിത്തീറ്റയുടെ ബിൽ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ച് നൽകേണ്ടത്. എന്നാൽ 43 കർഷകർക്ക് സബ്സിഡി തുക അനുവദിച്ച് നൽകിയിരുന്നെങ്കിലും വാങ്ങിയ കാലിത്തീറ്റ സംബന്ധമായ ബിൽ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം-2/11-04-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ബില്ലുകൾ ഹാജരാക്കുകയോ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 51510 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 പ്രളയ ബാധിതർക്ക് ലഭിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചു

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപ്പഞ്ചായത്തുകൾക്ക് പ്രത്യേക വിഹിതമായി അനുവദിച്ച 35.42 ലക്ഷം രൂപയിൽ 15.61 ലക്ഷം രൂപ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി. പ്രകൃതി ദുരന്തത്താൽ ജീവനോപാധി മാർഗ്ഗം ഇല്ലാതായ കുടുംബങ്ങൾക്കും വ്യക്തികൾക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് വേണ്ടി ജീവനോപാധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ.ഉ/ജി.ഒ.(RT)1604/2021/ധന./19.02.2021 പ്രകാരം അനുവദിച്ച തുകയാണ് പഞ്ചായത്തിന്റെ അനാസ്ഥമൂലം ഇപ്രകാരം നഷ്ടമായത്. വിശദാംശം ചുവടെ ചേർക്കുന്നു.

	ലഭിച്ച തുക	**ചെലവഴിച്ച തുക**	**ലാപ്സാക്കിയ തുക**

വികസനഫണ്ട് (ജനറൽ)	2948000	1690744	1257256
വികസനഫണ്ട് (എസ്.സി.പി)	594000	290000	304000
ആകെ	**3542000**	**1980744**	**1561256**

മൃഗസംരക്ഷണം, സ്വയംതൊഴിൽ എന്നീ മേഖലകളിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചില്ല. ചെലവഴിച്ച തുകയിൽ ഏറിയ പങ്കും പഞ്ചായത്ത് ഓഫീസിന്റെ ഭൗതിക അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്താനായിരുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സെർവറിന് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങൽ, ഫർണ്ണീച്ചർ വാങ്ങൽ, ജനറേറ്റർ വാങ്ങൽ, പഞ്ചായത്ത് ഓഫീസിന്റെ മൂന്നാം ഘട്ട നവീകരണ പ്രവൃത്തികൾ എന്നിവയ്ക്കാണ് ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിച്ചത്. പ്രളയ ബാധിതർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല. 2018 ലെ പ്രളയത്തിൽ സമാനതകളില്ലാത്ത ദുരിതം അനുഭവിക്കേണ്ടിവന്ന ഗ്രാമപഞ്ചായത്ത് എന്ന നിലയ്ക്ക് ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകേണ്ടിയിരുന്നത് അനിവാര്യമായിരുന്നു.

പരമാവധി ജീവനോപാധി പരിപാടികൾ നടപ്പാക്കിയശേഷം അവശേഷിക്കുന്ന തുക ഇതര പരിപാടികൾആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വിനിയോഗിക്കാവുന്നതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങളുടെ കെടുതികൾ രൂക്ഷമായി അനുഭവിക്കുന്ന പ്രദേശമായിട്ടും ഈ ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി വിനിയോഗിക്കാൻ ഗ്രാമപ്പഞ്ചായത്തിന് സാധിച്ചിട്ടില്ല.

1-20 തരിശ് ഭൂമിയിൽ നെൽകൃഷി - സുഭിക്ഷ കേരളം പദ്ധതി - അപാകതകൾ

പ്രോജക്ടിന്റെ നമ്പരും പേരും	തരിശ് ഭൂമിയിൽ നെൽകൃഷി - സുഭിക്ഷ കേരളം പദ്ധതി (172/20-21)
വകയിരുത്തിയ തുക	400000 രൂപ (വികസന ഫണ്ട്)
ചെലവഴിച്ച തുക	ബിൽ നമ്പർ 22 /30-03-2021 – 350000 രൂപ ബിൽ നമ്പർ 25 /31-03-2021 – 11600 രൂപ ആകെ - 361600 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

പ്രോജക്ട് പ്രകാരം തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്ത 5 കർഷകർക്ക് 70000 രൂപ വീതവും 5 സ്ഥലമുടമകൾക്ക് 11600 രൂപയുമാണ് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സുഭിക്ഷം കേരളം- സബ്സിഡി ഭേദഗതി ഉത്തരവ് പ്രകാരം (സ.ഉ (സാധാ) നം- 1009/2020/ത.സ്വ.ഭ.വ തീയതി 29/05/2020) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തി ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശായി പരിഗണിക്കേണ്ടത്. ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല

2) തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കാണ് കർഷകന് ആനുകൂല്യം നൽകേണ്ടത്. കൂടാതെ തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാണെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

3) കർഷകരും സ്ഥലം ഉടമകളും തമ്മിൽ കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) 5 കർഷകർക്കും 70000 രൂപ വീതമാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥലമുടമകൾക്ക് നൽകിയ തുക വ്യത്യസ്തമാണ്. പ്രോജക്ട് പ്രകാരം രണ്ട് ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകർക്കാണ് 70000 രൂപ നൽകാൻ കഴിയുക. എന്നാൽ സ്ഥലം ഉടമകൾക്ക് നൽകിയ തുക വ്യത്യസ്തമായതിനാൽ എല്ലാ കർഷകരും രണ്ട് ഹെക്ടറിൽ കൃഷി ചെയ്തതായി ഉറപ്പാക്കാൻ കഴിയുന്നില്ല.

5) കൃഷി ചെയ്ത ഭൂമിയുടെ വിവരങ്ങൾ ബോധ്യപ്പെടുന്നതിനായി ഭൂനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) കൃഷി ചെയ്ത ഭൂമിയുടെ അളവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) ആനുകൂല്യം കൈപ്പറ്റിയ കർഷകർ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

8) മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം-5/11-04-2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 361600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 കരാറുകാരന് അധിക നിരക്കിൽ തുക അനുവദിച്ച് നൽകി

അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രാഹൂർ പടി - കണ്ടത്തിൽപ്പടി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിക്ക് കരാറുകാരൻ കോട്ട് ചെയ്തതിനെക്കാൾ അധികനിരക്ക് അനുവദിച്ച് നൽകി .

മോഹൻകുമാർ.ബി, എടയാറ്റ്, കുറിയന്നൂർ എന്ന കരാറുകാനാണ് ഇപ്രകാരം അധികമായി തുക നൽകിയത്. പ്രവൃത്തി മെഷർ ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്തിയതിൽ രണ്ടിനങ്ങളിലായി അധിക നിരക്ക് അനുവദിച്ചതു വഴി 46247 രൂപ അധികമായി നൽകുകയുണ്ടായി. ഈ റിപ്പോർട്ടിന്റെ ഭാഗം-3-ൽ (ഖണ്ഡിക 3-1) ഉൾപ്പെടുത്തിയിട്ടുണ്ട്.

1-22 ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കോൺട്രാക്ടർക്ക് കരാർ നൽകിയില്ല - 115321 രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ കുറ്റിക്കാലാ പടി- ചേരിലാൽ പടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് (പ്രോജക്ട് നം-85/21) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ 497000 രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി 23-06-2020-ൽ നടന്ന ടെണ്ടറിൽ രണ്ട് കോൺട്രാക്ടർമാരാണ് പങ്കെടുത്തത്. ജോസഫ് തോമസ് - എസ്റ്റിമേറ്റ് നിരക്ക്, കെ.ജി വിൽസൺ- 24.2% Below എന്നിങ്ങനെയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.ജി വിൽസൺ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കപ്പെട്ടില്ല. എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ജോസഫ് തോമസ് എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിക്കപ്പെട്ടത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.ജി വിൽസണെ പ്രവൃത്തി നിർവ്വഹണത്തിൽ നിന്നും ഒഴിവാക്കിയത് എന്ത് കാരണത്താലെന്ന് വ്യക്തമല്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഇപ്രകാരമുള്ള നടപടി മൂലം ഗ്രാമപഞ്ചായത്തിന് 115321 രൂപയുടെ നഷ്ടം സംഭവിച്ചു. വിശദാംശങ്ങൾ ഉൾപ്പെടുത്തി നഷ്ടമായ തുക നിരാകരിച്ച് ഭാഗം 3- ലെ 3-2 ആയി ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.

1-23 അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി കൂടാതെ ടെണ്ടർ അംഗീകരിച്ചു

ജി.ഒ(പി) നം.168/2019/Fin/തീയതി 17.12.2019 പ്രകാരം ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 10 ശതമാനത്തിലധികം കുറവാണെങ്കിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി കരാറുകാരിൽ നിന്നും വാങ്ങേണ്ടിയിരുന്നു. 17 പ്രവൃത്തികളാണ് ഇപ്രകാരം പൂർത്തീകരിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ടിന്റെ വിശദാംശം	ടെണ്ടർ കുറവ്	അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി തുക
1	പുത്തൂർപ്പടി- മാടമൺ റോഡ് കോൺക്രീറ്റിംഗ് (79/20-21)	26	(26-10)% Of 328613 = 52578/-

		അടങ്കൽ- 365200- (വികസന ഫണ്ട്) ചെലവ്-365128/- PAC-328613 ബിൽ നം-17/22-05-2020 എം.ബുക്ക് നം-11/20-21 കരാറുകാരൻ :- ഹരിഹരൻ,എം		
	2	വടക്കെപെറമ്പിൽ റോഡ് കോൺക്രീറ്റിംഗ് (62/20-21) അടങ്കൽ- 238564 (CFC) ചെലവ്-238564/- PAC-213004/- ബിൽ നം- 79/24-03-2021 എം.ബുക്ക് നം- 24/20-21 കരാറുകാരൻ :-സജു എബി മാത്യു	20.9	(20.9-10)%Of 213004 = 23217/-
	3	മ്യാലിൽപ്പടി-എണ്ണക്കാട്ട് കടവ്-വള്ളപ്പുരക്കടവ് റോഡ് കോൺക്രീറ്റിംഗ് (57/20-21) അടങ്കൽ- 227000/- (CFC) ചെലവ്- 181633/- PAC-162173/- ബിൽ നം- 64/22-01-2021	18.9	(18.9-10)%Of 162173 = 14433/-

	എം.ബുക്ക് നം- 32/20-21 കരാറുകാരൻ :- ജയപ്രകാശ്.ആർ		
4	ചള്ളക്കുഴി -വടക്കേൽപ്പടി റോഡ് കോൺക്രീറ്റിംഗ് (103/20-21) അടങ്കൽ- 386100 (MG_R) ചെലവ്- 373323/- PAC-333863/- ബിൽ നം-66 /20-01-2020 എം.ബുക്ക് നം-18/20-21 കരാറുകാരൻ :- ജേക്കബ് കുര്യൻ	24.16	(24.16-10)%Of 333863 = 47275/-
5	മാവിച്ചരിൽപ്പടി-പഴുമാക്കൽ റോഡ് കോൺക്രീറ്റിംഗ് (56/20-21) അടങ്കൽ- 216000/- ചെലവ്-215487/- PAC-192400/- ബിൽ നം- 53/26-03-2021 കരാറുകാരൻ :- ജേക്കബ് കുര്യൻ	20.65	(20.65-10)%Of 192400 = 20491/-

അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി കൂടാതെ ടെണ്ടർ അംഗീകരിച്ചത് സംബന്ധിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/20-21/18-04-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതി നിർവ്വഹണത്തിലുണ്ടായ ഇപ്രകാരമുള്ള വീഴ്ച ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-24 NREGS പദ്ധതി നടത്തിപ്പിൽ ക്രമക്കേട്

2020-21 സാമ്പത്തിക വർഷം NREGS മുഖേന നടപ്പിലാക്കിയ മൂന്ന് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരിച്ച് മെഷർമെന്റ് എടുത്ത് പെയ്മെന്റ് നടത്തേണ്ടതിന് പകരമായി പ്രവൃത്തി പൂർത്തീകരിക്കാതെയും മെഷർമെന്റ് എടുക്കാതെയും തുക നൽകി. ആട്ടിൻകൂട് നിർമ്മാണം (1 എണ്ണം), കാലിത്തൊഴുത്ത് നിർമ്മാണം (2 എണ്ണം) എന്നീ പ്രവൃത്തികളിലാണ് ഇപ്രകാരം ക്രമക്കേട് ഉണ്ടായത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) **കാലിത്തൊഴുത്ത് നിർമ്മാണം**

A) ലീലാമ്മ ചാക്കോ, കണനിൽക്കുന്നതിൽ (വാർഡ് 5) എന്നയാൾക്കാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച രേഖകളില്ലാതെ FTS (Fund Transferring System) മുഖേന തുക അനുവദിച്ച് നൽകിയത്. 260746 രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് ഫയലിൽ ഉള്ളത്.

ചാക്കോ (മസ്റ്റർ നമ്പർ- 11138 Dtd 03-02-2020) ലീലാമ്മ ചാക്കോ (മസ്റ്റർ നമ്പർ- 11136 Dtd 09-02-2020) (ഒരേ കുടുംബത്തിലെ അംഗങ്ങൾ) എന്നിവരുടെ പേരിൽ മസ്റ്റർ എടുത്തിട്ടുണ്ടെങ്കിലും ആരും ഒപ്പിട്ടിട്ടില്ല. എന്നാൽ ടിയാളുകൾക്ക് വിദഗ്ദ്ധ/ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള തുക നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ചെലവിന്റെ വിവരങ്ങൾ	നൽകിയ തുക	തീയതി
1	Wages	5298/-	03-02-2020
2	Material Payment	2080/-	
	ആകെ	**7378/-**	

അപാകതകൾ

Material Payment നടത്തിയിട്ടുണ്ടെങ്കിലും ബിൽ സൂക്ഷിച്ചിട്ടില്ല. വേതനം നൽകിയെങ്കിലും മസ്റ്റർ റോളിൽ ആരും ഒപ്പിട്ടിട്ടില്ല. എം.ബുക്ക് സൂക്ഷിച്ചിട്ടില്ല.

B) സൂസമ്മ ജോസഫ്, ചെറുവള്ളിൽ (വാർഡ് 1) എന്നയാൾക്ക് 116569 രൂപ FTS മുഖേന തുക അനുവദിച്ച് നൽകി. കാലിത്തൊഴുത്ത് നിർമ്മാണത്തിന് 350000 രൂപയ്ക്കുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത്. ഗുണഭോക്താവ് കണ്ടെത്തിയ കരാറുകാരനാണ് 24-09-2020-ൽ അഡ്വാൻസായി തുക അനുവദിച്ച് നൽകിയത്. നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ചെലവിന്റെ വിവരങ്ങൾ	നൽകിയ തുക	തീയതി

1	Wages	27753/-	03-02-2020
2	Material Payment	88816/-	
	ആകെ	**116569/-**	

<u>അപാകതകൾ</u>

Material Payment നടത്തിയിട്ടുണ്ടെങ്കിലും ബിൽ സൂക്ഷിച്ചിട്ടില്ല. വേതനം നൽകിയെങ്കിലും മസ്റ്റർ റോളിൽ ആരും ഒപ്പിട്ടിട്ടില്ല. എം.ബുക്ക് സൂക്ഷിച്ചിട്ടില്ല.

2) **<u>ആട്ടിൻകൂട് നിർമ്മാണം</u>**

സാറാമ്മ സൈമൺ, കാവുങ്കൽ (വാർഡ് 5) എന്നയാൽക്ക് ആട്ടിൻകൂട് നിർമ്മിക്കുന്നതിന് ജോസഫ് തോമസ് എന്ന കരാറുകാരന് അഡ്വാൻസായി തുക ആനുവദിച്ച് നൽകിയിട്ടുണ്ട്. ആട്ടിൻകൂട് നിർമ്മാണത്തിന് 161793 രൂപയ്ക്കുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചത്. ടി പ്രവൃത്തിക്കായി 29-01-2020 മുതൽ 31-01-2020 വരെ മൂന്ന് പേരുടെ പേരിൽ മസ്റ്റർ റോൾ എടുത്തിരുന്നു. ആമയിൽ ഏജൻസീസ്, ചെട്ടിമുക്ക് എന്ന സ്ഥാപനത്തിന്റെ ജോസഫ് തോമസ് എന്നയാളുടെ പേരിലുള്ള 03-10-2019-ലെ 7600 രൂപ, 07-08-2019-ലെ 12831 രൂപ, 11-07-2019-ലെ 9351 രൂപയ്ക്കുള്ള ബില്ലുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മസ്റ്റർ എടുക്കുന്നതിന് വളരെ മുൻപുള്ള ബില്ലാണിത്. ജോസഫ് തോമസിന് മെറ്റീരിയൽ വാങ്ങിയതിന് 31-01-2020-ൽ 70550 രൂപയും കൂടാതെ 03-02-2020-ൽ 45917 രൂപയും നൽകി.

അഡീഷണൽ ആക്ഷൻ പ്ലാനിന് അംഗീകാരം കിട്ടാതെയാണ് ആയതിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തികൾക്ക് തുക നൽകിയത്. ടെണ്ടറോ ക്വട്ടേഷനോ ക്ഷണിക്കാതെയാണ് ഗുണഭോക്താവിന്റെ ഇഷ്ടമനുസരിച്ച് കരാറുകാരന് തുക നൽകിയിട്ടുള്ളത്. വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ ഫയലിൽ ഇല്ല.

ഗുണഭോക്താവ് കണ്ടെത്തിയ കരാറുകാർക്കാണ് അഡ്വാൻസായി രൂപ അനുവദിച്ച് നൽകിയത്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തികൾക്ക് തുക നൽകിയത് ക്രമവിരുദ്ധമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ കോ-ഓർഡിനേറ്റർ അന്വേഷണം നടത്തുകയും ക്രമക്കേട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണെന്നും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ഭരണസമിതി തീരുമാന പ്രകാരം അക്കൗണ്ടന്റായ ശ്രീമതി ഏലിയാമ്മ സൈമൺ, ഓവർസിയറായ ശ്രീമതി. റ്റി.കെ പ്രീത എന്നിവരെ ജോലിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തതായി അറിയിച്ചു. അപാകതകൾ കണ്ടെത്തുകയും അന്വേഷണം നടക്കുകയും ചെയ്തതിനെ തുടർന്ന് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതായാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

2020-21 വർഷം എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക് ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ മേൽ നോട്ട ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി FTO (ഹെഡ്

ട്രാൻസ്ഫർ ഓർഡർ) യഥാസമയം പരിശോധന നടത്തി അപാകത കണ്ടെത്താത്തതാണ് ഇപ്രകാരമുള്ള ഗുരുതരമായ വീഴ്ചക്ക് കാരണം. ഓരോ ഫയലും കൃത്യമായ പരിശോധന നടത്തി ഫയൽനോട്ട് തയ്യാറാക്കി അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർ അഭിപ്രായം രേഖപ്പെടുത്താതിരുന്നതിനാൽ കരാർ ജീവനക്കാർ തന്നിഷ്ട പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക മാറി ബന്ധുക്കൾക്ക് നൽകി. ടി വിഷയത്തിൽ ഭരണതലത്തിൽ അന്വേഷണം നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-25 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയ തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇ/തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അക്കൗണ്ട് ആരംഭിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-26 മാലിന്യ നിർമ്മാർജ്ജനം - അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയൊഴിയുകയും ദ്രവമാലിന്യം നീക്കം ചെയ്യുകയും ചെയ്യേണ്ടത് പഞ്ചായത്തിന്റെ കർത്തവ്യമാണ്. മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ചുമതലയാണ്.

ഗ്രാമപഞ്ചായത്ത് തലത്തിൽ ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്ക്കരണവും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയൊഴിക്കൽ സംബന്ധിച്ചും സേവനങ്ങളും ഫീൽഡുതല പ്രവർത്തനങ്ങളും നടത്തേണ്ട സംവിധാനമാണ് ഹരിതകർമ്മ സേന ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേന രൂപീകരിച്ചത് ജനുവരി 2019-ലാണ്. 2020-21 വർഷം 20490 രൂപ മാത്രമാണ് യൂസർഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100 രൂപയുമാണ് ഈടാക്കിയിരുന്നത്. എല്ലാ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി യൂസർഫീസ് കിട്ടുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 26 പേരുമായി ആരംഭിച്ച ഹരിതകർമ്മ സേനയിൽ നിലവിൽ 22 പേരാണുള്ളത്. എല്ലാ

വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട് താൽകാലിക സെന്റർ എം.സി.എഫ് പഞ്ചായത്ത് കെട്ടിടത്തിന്റെ ബേസ്മെന്റിലാണ് സ്ഥാപിച്ചിട്ടുള്ളത്. ജൈവ, അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എം.വേ കൺസൾട്ടന്റ് എന്ന കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 242 പൊതുടാപ്പുകൾക്ക് പ്രതിമാസം 105875 രൂപയാണ് വാട്ടർ അതോറിറ്റിക്ക് നൽകേണ്ട തുക. ഓരോ വാർഡിലെയും പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ കണ്ടെത്തുന്നതിനും അവയെ ഒഴിവാക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ വേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 21.2.2019-ലെ ഡിഎ1/17/2019 നമ്പർ സർക്കുലർ പ്രകാരം നടത്തേണ്ട സംയുക്ത പരിശോധന നടത്തിയിട്ടില്ല. പട്ടികജാതി കോളനികളിലെ ഒഴികെ പൊതുടാപ്പുകൾ ഒഴിവാക്കി പകരം ഗാർഹിക കണക്ഷൻ നൽകാനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ഗാർഹിക കണക്ഷനുകൾ നൽകിയ പ്രദേശങ്ങളിൽ പൊതുടാപ്പുകളുടെ ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ആയവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല, ജല ജീവൻ മിഷൻ പ്രകാരം പഞ്ചായത്തിലെ വിവിധ പ്രദേശത്തെ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കാവുന്നതാണ്. വെള്ളക്കരമിനത്തിലെ ചെലവ് കുറയ്ക്കാൻ പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

വെള്ളക്കര കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് വൻ ബാദ്ധ്യത നിലനിൽക്കുന്നുണ്ട്. 28.02.2022-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 10168312 രൂപ കുടിശ്ശികയും, 199454 രൂപ പിഴയുമുണ്ട്. കുടിശ്ശിക തുക ഒടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം വർദ്ധിച്ച് വരുന്ന പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി പരിണമിക്കുന്നതാണ്. ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, (നിലവിലെ ആശ്രയ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളവരും തുടർന്നു സേവനത്തിന് അർഹരായവരുമായ ഗുണഭോക്താകളെയും) കണ്ടെത്തി പുനരധിവാസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം എന്ന പദ്ധതി ആവിഷ്കരിച്ചത്. 17.01.2019-ലെ KS/L/13100/2018 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അഗതി രഹിത കേരളം പദ്ധതിയ്ക്ക് അംഗീകാരം

ലഭിച്ചത്. 123 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ അടങ്കൽ 22609400 രൂപയാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

ഇനം	**വകയിരുത്തിയ തുക**	**ചെലവഴിച്ച തുക (31.03.2021 വരെ)**
ഭക്ഷണം	4017600	1772301
ചികിത്സ ധനസഹായം	1531800	
വീട് നിർമ്മാണം	10400000	
വീട് മെയിന്റനൻസ്	3600000	1655000
ഭൂമി വാങ്ങൽ	1650000	
വസ്ത്രം	810000	
കുടിവെള്ളം	176000	
പെൻഷൻ	30000	
തൊഴിൽ പരിശീലനം	50000	
കൗൺസിലിംഗ്	45000	
പലവക	15000	
മെഡിക്കൽ ക്യാമ്പ്	75000	
വിദ്യാഭ്യാസം	135000	45000
റിസർവ് ഫണ്ട്	200000	
	22609400	3472301

പദ്ധതിയുടെ ചെലവിന്റെ ഭൂരിഭാഗവും ഭക്ഷണ വിതരണത്തിനു മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ ബാലൻസ് തുകയായ 964232 രൂപ അഗതി രഹിത കേരളത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ഒരു ലക്ഷം രൂപ ഉൾപ്പെടെ വികസന ഫണ്ട് ഇനത്തിൽ 2020-21 വർഷം ലഭിച്ച 400000 രൂപയിൽ 355000 രൂപ 4 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. പഞ്ചായത്ത് പ്രസിഡന്റിന്റെ

അദ്ധ്യക്ഷതയിലുള്ള പദ്ധതി വിലയിരുത്തൽ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്ത് ഭരണസമിതിയും പദ്ധതിയുടെ നടത്തിപ്പിൽ താല്പര്യം കാണിക്കുന്നില്ല. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ഗുണഭോക്താകൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 കോവിഡ് അനുബന്ധ ചെലവുകൾ - അവലോകനം

കോവിഡ് മഹാമാരിയോട് അനുബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ മാരാമൺ റിട്രീറ്റ് സെന്ററിലും, ചാലിയേക്കര എ.എം.എം ആശുപത്രിയിലും കോവിഡ് കെയർ സെന്ററും ചരൽകുന്നിൽ സി.എഫ്.എൽ.റ്റി.സിയും പ്രവർത്തിച്ചിരുന്നു. കോവിഡിനോടനുബന്ധമായി തനത് ഫണ്ടിൽ നിന്നും നടത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ചെലവിന്റെ വിവരം	തുക
1	ഭക്ഷണം, കുടിവെള്ളം	352885
2	മാസ്ക്, ഗ്ലവ്സ്, സാനിറ്റൈസർ	51827
3	മാലിന്യ നിർമ്മാർജ്ജനം ചെലവ്	83947
4	CCC/CFLTC എന്നിവയ്ക്ക് കട്ടിൽ, മെത്തകൾ, ബക്കറ്റ് ഉൾപ്പെടെ	125754
5	CFLTC, CCC എന്നിവിടങ്ങളിലെ മെയിന്റനൻസ് പ്രവൃത്തികൾ	31840
6	തെർമൽ സ്ക്കാനർ	4000
7	CCC, CFLTC വൈദ്യുതി ചാർജ്ജ്	109401
8	അനൗൺസ്മെന്റ് ചാർജ്ജസ്	7500
9	ശുചീകരണ തൊഴിലാളികളുടെ കൂലി	168850
	ആകെ	**936004**

സി.എഫ്.എൽ.റ്റി.സി സജ്ജീകരണത്തിനായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (ഡി.ഡി.എം.എ) നിന്നും 100000 രൂപ ലഭിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവായ തുകയുടെ കൃത്യമായ കണക്ക് മേലധികാരികൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നും ചെലവായ തുക തിരികെ ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം - പഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (43/21) എന്ന പ്രോജക്ട് പ്രകാരം 105000 രൂപ (വികസന ഫണ്ട് (ജനറൽ) - ബിൽ നം.20050952011800567631/29.9.2020) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷന് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6(1) ചട്ടം പ്രകാരം അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കുക വഴി പൊതുജനങ്ങളെ സംരക്ഷിക്കുന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഓരോ വർഷവും തുക നൽകുന്നതിനപ്പുറം പ്രോജക്ടിന്റെ മോണിട്ടറിംഗ് പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. കുടുംബശ്രീയുടെ ജില്ലാ മിഷനാണ് പ്രോജക്ടിന്റെ നിർവ്വഹണമെങ്കിലും പഞ്ചായത്തിന്റെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. കുടുംബശ്രീ സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റിന്റെ അനിവാര്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

1-31 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടികളുടെ എണ്ണം	17
സ്വന്തമായി കെട്ടിടമുള്ളവ	7
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	7
വാടകരഹിതമായി പ്രവർത്തിക്കുന്നവ	3
ടോയ്‌ലറ്റ് സൗകര്യം ഉള്ളവ	14
വൈദ്യുതി കണക്ഷൻ ഉള്ളവ	17
ചുറ്റുമതിൽ ഉള്ളവ	4

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. 96-ാം നമ്പർ അങ്കണവാടിയ്ക്ക്

കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാണെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

1-32 അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട് (150000), ബ്ലോക്ക് വിഹിതം (100000), ജില്ലാപ്പഞ്ചായത്ത് വിഹിതം (200000) എന്നിവ ഉൾപ്പെടെ 450000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും (S0118/21) 200000 രൂപ (വികസനഫണ്ട്-150000, ബ്ലോക്ക് വിഹിതം-50000) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചത്. ശാരീരിക വെല്ലുവിളി നേരിടുന്ന 10 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 15 വിദ്യാർത്ഥികൾക്കുമാണ് പദ്ധതി പ്രകാരം സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 10340 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 5300 രൂപയുമാണ് നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28000 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തുകയും ആയതു തന്നെ പൂർണ്ണമായും ചെലവഴിക്കാതിരിക്കുകയും ചെയ്തതിനാൽ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിനും പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കരാറുകാരന് അധിക നിരക്കിൽ തുക അനുവദിച്ച് നൽകി

2020-21 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രാഹൂർ പടി - കണ്ടത്തിൽപ്പടി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിക്ക് കരാറുകാരൻ കോട്ട് ചെയ്തതിനെക്കാൾ അധികനിരക്ക് അനുവദിച്ച് നൽകി.

പ്രോജക്ടിന്റെ വിവരങ്ങൾ	
പ്രോജക്ടിന്റെ പേരും നമ്പരും	രാഹൂർ പടി - കണ്ടത്തിൽപ്പടി റോഡ് കോൺക്രീറ്റ് (46/20-21)
വകയിരുത്തിയ തുക	629000 രൂപ (CFC)
PAC	414979 രൂപ
റ്റി.എസ് നമ്പർ	35857/2020-21
എം.ബുക്ക് നമ്പർ	33/20-21
എഗ്രിമെന്റ് നമ്പർ	34/LSGD/TPY/20-21 Dtd 22-09-2020
ബിൽ നമ്പർ/തീയതി	2005095201250094843З/15-01-2021
ചെലവ് തുക	498860/-
പ്രവൃത്തി മൂല്യം	445411/-
കരാറുകാരന്റെ പേര്	മോഹൻകുമാർ.ബി ഏടയാറ്റ് കുറിയന്നൂർ

21-07-2020-ൽ നടന്ന ഇ-ടെണ്ടറിൽ മൂന്ന് കരാറുകാരാണ് പങ്കെടുത്തത്. കരാറുകാർ കോട്ട് ചെയ്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ടെണ്ടർ രജിസ്റ്റർ പേജ് നം-125)

ക്രമ നം	കരാറുകാരന്റെ പേര്	കോട്ട് ചെയ്ത തുക

1	മോഹൻകുമാർ.ബി	414979/-
2	ഹരിഹരൻ.എം	486415/-
3	പാനവയലിൽ കൺസ്ട്രക്ഷൻസ്	441478/-

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-08-2020-ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ ശ്രീ. മോഹൻകുമാർ.ബി-യുടെ ടെണ്ടർ അംഗീകരിക്കുകയും ടിയാന് സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് തുക നൽകിയപ്പോൾ ചുവടെ പറയും പ്രകാരം താഴെ പറയുന്ന പ്രവർത്തിയിനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് എം.ബുക്കിൽ നിരക്ക് രേഖപ്പെടുത്തി പ്രതിഫലം അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	എം.ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ്	കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക്	കരാറുകാരന് നൽകിയ നിരക്ക്	അനുവദിച്ച് നൽകേണ്ട തുക	അനുവദിച്ച് നൽകിയ തുക	അധികം നൽകിയ തുക
1	Filling Up Low Lying And Water Logged Areas With Local Material /Quarry Muck, Spreading In Layers, Levelling The Top At Site And Consolidation By Ramming Etc.	41.875 M^3	579.31/M^3	800.31/M^3	24259	33513	9254
2	Plain / Reinforced Cement Concrete M20 (1:2:4 Using 20 Mm B/S) In Sub Structure Complete As Per Drawings Including Form Work	62.70 M^3	5910.71/M^3	6500.71/M^3	370602	407595	36993

						ആകെ	**46247**

ഇപ്രകാരം 46247 രൂപ അധികം നൽകിയതു സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-5/11-04-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികമായി അനുവദിച്ച് നൽകിയ 464247 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3-2 ടെണ്ടറിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കോൺട്രാക്ടർക്ക് കരാർ നൽകിയില്ല - 115321 രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ കുറ്റിക്കാലാ പടി- ചേരിലാൽ പടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് (പ്രോജക്ട് നം-85/21) മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ 497000 രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിച്ചിരുന്നു.പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി 23-06-2020-ൽ നടന്ന ടെണ്ടറിൽ രണ്ട് കോൺട്രാക്ടർമാരാണ് പങ്കെടുത്തത്. എന്നാൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കപ്പെട്ടില്ല. തന്മൂലം ഗ്രാമപഞ്ചായത്തിന് 115321 രൂപയുടെ നഷ്ടം സംഭവിച്ചു. ടെണ്ടർ ഷെഡ്യൂളിൽ തുക കോട്ട് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കോൺട്രാക്ടറുടെ പേര്	കോട്ട് ചെയ്ത നിരക്ക്
1	ജോസഫ് തോമസ്	എസ്റ്റിമേറ്റ് നിരക്ക്
2	കെ.ജി. വിൽസൺ	24.2% Below

എന്നാൽ ഭരണസമിതിയുടെ 24-06-2020-ലെ 1(1) -ാം നമ്പർ തീരുമാന പ്രകാരം ടെണ്ടർ അംഗീകരിച്ചത് എസ്റ്റിമേറ്റ് നിരക്ക് കോട്ട് ചെയ്ത ജോസഫ് തോമസ് എന്നയാളുടേതാണ്. തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ച് തുക കൈപ്പറ്റിയത് ടിയാൻ തന്നെയാണ്. എന്നാൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കെ.ജി.വിൽസൺ എന്നയാളെ കരാറിൽ നിന്നും ഒഴിവാക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച ഭരണസമിതിയുടെ തീരുമാനമോ മറ്റ് നടപടി വിവരങ്ങളോ ഫയലിൽ നിന്നും ലഭ്യമായില്ല. 24.2% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി അനുവദിച്ച് നൽകിയിരുന്നുവെങ്കിൽ ചുവടെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് ലാഭം ഉണ്ടാകുമായിരുന്നു.

പ്രോജക്ടിന്റെ വിവരങ്ങൾ	അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങൾ	24.2 % കുറവ് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി അനുവദിച്ചുവെങ്കിൽ ഉണ്ടാകുമായിരുന്ന വ്യതിയാനം

കുറ്റിക്കാലാ പടി-ചേരിലാൽ പടി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് (പ്രോജക്ട് നം-85/21) MG(Road) അടങ്കൽ- 497000/- PAC- 443203/- ചെലവ് - 496387/- എം.ബുക്ക് നം- 13/20-21 ബിൽ നം- 20050952012500 459658/21-08-2020 എഗ്രിമെന്റ് നം-27/AE/LSGD/TPY/20-21/17-07-2020 കരാറുകാരൻ- ജോസഫ് തോമസ് കൂടിയൂർ ഹൗസ് പുല്ലാട്.പി.ഒ	Total Value Of Work Done- 443203/- Add 12% GST – 53184/- Total - 496387/- **Deductions** CGST (1%) - 4964/- SGST (1%) - 4964/- KCWWF (1%)- 4964/ IT(1%) - 4964/- Total Deductions – 19856 Net Payable Amt- 476531/-	Total Value Of Work Done- 443203/- Deduct (24.2%) - 107255 Net - 335948/- Add 12% GST – 40314/- Total - 376262/- **Deductions** CGST (1%) - 3763/- SGST (1%) - 3763/- KCWWF (1%)- 3763/- IT(1%) - 3763/- Total Deductions – 15052 Net Payable Amt- 361210/-

അപാകതകൾ കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.6/11-04-2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത് കരാറുകാരനെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല. 2020-21 വർഷത്തെ ഭരണസമിതി മിനിറ്റ്സ് പരിശോധിച്ചതിലും കരാറുകാരനെ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. ഫയലിലും ഇത് സംബന്ധിച്ച് രേഖകളില്ല. ആയതിനാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെ ഒഴിവാക്കിയതിന്റെ കാരണം ബോധ്യപ്പെടാത്ത സാഹചര്യത്തിൽ കൂടിയ നിരക്ക് കോട്ട് ചെയ്ത് കരാറുകാരന് പ്രവൃത്തി അനുവദിച്ച് നൽകിയ നടപടി അംഗീകരിക്കാനാവില്ല.

ടെണ്ടർ രജിസ്റ്ററിൽ (പേജ് നമ്പർ- 111) ജോസഫ് തോമസ് - എസ്റ്റിമേറ്റ് നിരക്ക്, കെ.ജി.വിൽസൺ - 1% Above Estimate Rate എന്നിങ്ങനെയാണ് ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. കെ.ജി വിൽസൺ സമർപ്പിച്ച ടെണ്ടർ ഫോം, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ ടെണ്ടർ തുക രേഖപ്പെടുത്തിയിരിക്കുന്നത് 24.2% Below എന്നാണ്. ആയത് ടെണ്ടർ

രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ 1% Above Estimate Rate എന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതിൽ നിന്നും കെ.ജി വിൽസൺ സമർപ്പിച്ച ടെണ്ടറും നിരസിക്കപ്പെട്ടില്ല എന്ന് വ്യക്തമാണ്.

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം കരാറുകാരന് പ്രവൃത്തി നിർവ്വഹണത്തിൽ 115321 രൂപ (476531 – 361210 = 115321/-) അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. അധികമായി അനുവദിച്ച് നൽകിയ 115321 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3-3 ന്യൂട്രിമിക്സ് യൂണിറ്റിന് അധികം തുക നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടി പോഷകാഹാര പദ്ധതി പ്രകാരം ന്യൂട്രിമിക്സുകൾ വിതരണം ചെയ്ത ഗ്രാമശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, ഇരവിപേരൂർ എന്ന സ്ഥാപനത്തിന് അധികമായി തുക നൽകി. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പേര്	97/21 അംഗൻവാടി പോഷകാഹാരം
അടങ്കൽ തുക	വികസനഫണ്ട് പൊതുവിഭാഗം (550000) കേന്ദ്രാവിഷ്കൃതഫണ്ട് (450000) ബ്ലോക്ക് പഞ്ചായത്ത് വിഹിതം (100000) ജില്ലാ പഞ്ചായത്ത് വിഹിതം(200000)
ചെലവ് തുക/ ബിൽ നം./ ചെക്ക് നം. തീയതി	**വികസനഫണ്ട് പൊതുവിഭാഗം (548734)** 04.20-21-12.06.2020 38594 05/20-21-12.06.2020 164205 06/20-21-12.06.2020 148906 07/20-21-23.07.2020 41797 08/20-21-23.07.2020 43945 09/20-21-23.07.2020 55860 10/20-21-23.07.2020 55427 **കേന്ദ്രാവിഷ്കൃതഫണ്ട് (450000)** ചെക്ക് നം. 397099/03.11.2020 164642 (കേന്ദ്രാവിഷ്കൃതഫണ്ട്)

	ചെക്ക് നം. 397327/11.01.2021 144432 (കേന്ദ്രാവിഷ്കൃതഫണ്ട്) ചെക്ക് നം. 557508/09.03.2021 107637 (കേന്ദ്രാവിഷ്കൃതഫണ്ട്) ചെക്ക് നം. 557524/26.03.2021 33289 (കേന്ദ്രാവിഷ്കൃതഫണ്ട്) **ബ്ലോക്ക് വിഹിതം (100000)** 12/20-21 – 09.02.2021 100000(ബ്ലോക്ക് വിഹിതം)

അംഗൻവാടി പോഷകാഹാരം പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതം, കേന്ദ്രാവിഷ്കൃതഫണ്ട് ഇവ പ്രകാരമുള്ള ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിയ്ക്ക് (നം.7/13.04.2022) നൽകിയ മറുപടിയോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥ ബ്ലോക്ക് വിഹിതം ഇനത്തിലുള്ള 58203 രൂപയുടെ ചെലവുരേഖകളും കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിലുള്ള 442298 രൂപയുടെ ചെലവുരേഖകളും ലഭ്യമാക്കി. ബ്ലോക്ക് വിഹിതമിനത്തിൽ 41797 രൂപയുടെയും കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിൽ 7702 രൂപയുടെയും ചെലവ് രേഖകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്.

കേന്ദ്രാവിഷ്കൃതഫണ്ട് ഇനത്തിൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന 7702 രൂപയുടെ ചെലവ് രേഖകൾ (ചെക്ക് നം.557524/26.03.2021 33289 രൂപയുടെ ചെലവിൽ ഉൾപ്പെട്ട തുക) പിന്നീട് ലഭ്യമാക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് എൻകചയറിക്കുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ടി ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവുതുക 7702 രൂപ തടസ്സപ്പെടുത്തുന്നു.

ചെലവുരേഖകൾ ലഭ്യമാക്കാൻ അവശേഷിക്കുന്ന 41797 രൂപ വികസനഫണ്ടിൽ നിന്നും ബ്ലോക്ക് വിഹിതത്തിൽ നിന്നും ന്യൂട്രിമിക്സ് ലഭ്യമാക്കിയ സ്ഥാപനത്തിന് നൽകിയതിനാൽ ചെലവിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമശ്രീ ന്യൂട്രിമിക്സ്, ഇരവിപേരൂർ എന്ന സ്ഥാപനത്തിന്റെ 24.06.2020 ലെ 29ാം നമ്പർ ബിൽ പ്രകാരം 41797 രൂപയുടെ ന്യൂട്രിമിക്സ് വിതരണം ചെയ്യുകയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവിധ അങ്കണവാടികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമശ്രീ ന്യൂട്രിമിക്സ് ഇതേ നമ്പരിലും തീയതിയിലും ഉള്ള ബിൽ രണ്ട് തവണ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് സമർപ്പിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥ വികസനഫണ്ടിൽ നിന്നും 23.07.2020 ലെ 07/20-21 നമ്പർ ട്രഷറി ബിൽ പ്രകാരം 41797 രൂപ സ്ഥാപനത്തിന് നൽകുകയും തുടർന്ന് തുകയുടെ കൃത്യത ഉറപ്പുവരുത്താതെ ബ്ലോക്ക് വിഹിതമിനത്തിൽ നിന്നും 09.02.2021 ലെ 12/20-21 നമ്പർ ട്രഷറി ബിൽ പ്രകാരം വീണ്ടും 41797 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തു. ഇപ്രകാരം അധികമായി നൽകിയ തുക ഗ്രാമശ്രീ ന്യൂട്രിമിക്സിൽ നിന്ന് തിരികെ വാങ്ങി അടവാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ചെലവഴിച്ച 41797 രൂപ തിരികെ ഈടാക്കുന്നതുവരെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിലനിർത്തുന്നു. ടി തുക ഗ്രാമശ്രീ ന്യൂട്രിമിക്സിൽ നിന്ന് തിരികെ വാങ്ങി പഞ്ചായത്തിൽ അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്	160000	ലൈഫ് – മൂന്നാം ഘട്ടം (എസ്.സി.പി)	160000	0
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്	425000	ലൈഫ് – രണ്ടാം ഘട്ടം (എസ്.സി.പി)	425000	0
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്	100000	അംഗൻവാടി പോഷകാഹാരം	100000	0
കോയിപ്രം ബ്ലോക്ക് പഞ്ചായത്ത്	50000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള ബത്തയും സ്കോളർഷിപ്പും	50000	0
പത്തനംതിട്ട ജില്ലാ	69340	നെൽകൃഷിയ്ക്ക് കൂലി ചെലവ്	69340	0

പഞ്ചായത്ത്				
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	225000	സമഗ്ര പുരയിട കൃഷി (വനിത)	225000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	1000000	സമഗ്ര വാഴകൃഷി വികസനം	1000000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	200000	സാന്ത്വന പരിചരണം	200000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	250000	ലൈഫ് - മൂന്നാം ഘട്ടം (ജനറൽ)	250000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	1040000	ലൈഫ് - മൂന്നാം ഘട്ടം (എസ്.സി.പി)	1040000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	100000	ആശ്രയ പദ്ധതി	100000	0

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	**പ്രവൃത്തിയുടെ പേര്**	**ബിൽ നമ്പർ/ ചെക്ക് നം.**	**മുൻകൂർ നൽകിയ തുക**	**ചെലവഴിച്ച തുക**	**ചെലവഴിക്കാൻ ബാക്കിയുള്ള തുക**

വൈദ്യുതി ബോർഡ്	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (154/21)	20050952011801356418/ 25.03.2021	389900/-	389900/-	0
പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)	വിവിധ അംഗൻവാടികളിൽ വയറിംഗ് (34/21)	2005095201180055992/ 11.04.2020	150000/-	139680/-	10420/-
വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (66/21)	20050952011801365386/ 26.03.2021	380000/-	380000/-	0
വാട്ടർ അതോറിറ്റി	തടിയത്രപടി പ്ലാംകൂട്ടത്തിൽ പടി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ (14/21)	20050952011800314916/ 11.04.2020	75000/-	75000/-	0
വാട്ടർ അതോറിറ്റി	പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (153/21)	20050952011801020974/ 01.02.2021	757000/-	757000/-	0
വാട്ടർ അതോറിറ്റി	കുറവൻപറമ്പ് കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (37/21)	200509520118/	290000/-	290000/-	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5285 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ / തീയതി
2014-15	2-3	681	ശ്രീ. രാജൻ പിള്ള, രാജ് നിവാസ്	120020100345/18.6.2020
2014-15	3-2	454	ശ്രീ. സതീഷ് ചന്ദ്രൻ, മണി മന്ദിരം	120020100346/18.6.2020
2016-17	3-2	3500	ശ്രീ. ജോസഫ് തോമസ്, കരാറുകാരൻ	120020100801/27.8.2020
2016-17	3-2	650	ശ്രീമതി ഏലിയാമ്മ മാത്യു, നമ്പുരയ്ക്കമണ്ണിൽ, മാരാമൺ	120020101084/29.9.2020
	ആകെ	**5285**		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ അവസ്ഥ

2011-12	ലഘു അവലോകനം	2012-13	3.4.5	തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2011-12	പ്രവർത്തന അവലോകന റിപ്പോർട്ട്	2012-13	2.4	ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2014-15	2-1	2016-17	2(1,2,3)	വസ്തു നികുതി നിർണ്ണയം സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു
2015-16	2-2	2016-17	2.2	തൊഴിൽ നികുതി അപാകത	പരാമർശം നിലനിൽക്കുന്നു

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	66431783
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	60502382
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	203365
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	420812

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ്	സർചാർജ്ജ്	
3-1		46247/-	ശ്രീ. അപ്പുക്കുട്ടൻ ഇ ആർ അസിസ്റ്റന്റ് എഞ്ചിനീയർ
3-2		115321/-	ശ്രീ. അപ്പുക്കുട്ടൻ ഇ ആർ അസിസ്റ്റന്റ് എഞ്ചിനീയർ
3-3		41797/-	ശ്രീമതി സബിത വി.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ
ആകെ		**203365/-**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	7702/-	ശ്രീമതി സബിത വി.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-18	51510/-	ശ്രീമതി വിദ്യ.എസ് ഡയറി ഫാം ഇൻസ്ട്രക്ടർ
1-20	361600/-	ശ്രീമതി അമ്പിളി വി.എൽ കൃഷി ഓഫീസർ
	420812/-	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

പേരും ഉദ്യോഗപ്പേരും	**ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം**	**സ്ഥിരം മേൽവിലാസം**
ശ്രീ. അപ്പുക്കുട്ടൻ ഇ ആർ അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം കോർപറേഷൻ	വാലുപറമ്പിൽ ഹൗസ്, മലയം പി.ഒ ചിറയിൻ ഭാഗം തിരുവനന്തപുരം
ശ്രീമതി സബിത വി.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ നേമം അഡീഷണൽ പ്രോജക്ട് ഓഫീസ്	ശ്രീവത്സം, ടി.സി 19/986, തമലം, പൂജപ്പുര പി.ഒ തിരുവനന്തപുരം പിൻ – 695012
ശ്രീമതി അമ്പിളി വി.എൽ കൃഷി ഓഫീസർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കരിമ്പുഴ, ശ്രീകൃഷ്ണപുരം പി.ഒ പാലക്കാട്	വടക്കേടത്ത്, കീഴ്വായ്പൂർ പി.ഒ, മല്ലപ്പള്ളി പത്തനംതിട്ട ജില്ല പിൻ – 689587
ശ്രീമതി വിദ്യ.എസ് ഡയറി ഫാം ഇൻസ്ട്രക്ടർ	ഡയറി ഫാം ഇൻസ്ട്രക്ടർ കോയിപ്രം ബ്ലോക്ക്	അജു സദനം, ചാലാപ്പള്ളി പി.ഒ എഴുമറ്റൂർ (വഴി), പത്തനംതിട്ട ജില്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
2005-06	എൽ.എഫ്.പിറ്റിഎ-പി7.260/2009 തീയതി 24.09.2009/27.07.2010	2
2006-07	എൽ.എഫ്.പിറ്റിഎ-പി5.302/2011 തീയതി 03.06.2011/13.09.2012	4
2011-12 2012-13	എൽ.എഫ്.പിറ്റിഎ-പി8.684/2014 തീയതി 19.11.2014/12.01.2015	3-11, 3-12
2013-14	എൽ.എഫ്.പിറ്റിഎ-പി8.325/2015 തീയതി 17.06.2015/16.07.2015	3-3, 3-4, 3-6, 3-7, 3-8, 3-14
2014-15	എൽ.എഫ്.പിറ്റിഎ-പി8.733/2016 തീയതി 08.07.2016	2-1, 2-2, 2-3, 3-1, 3-3, 3-7, 3-8, 3-9, 3-10, 3-12, 3-14
2015-16	കെഎസ്എ.പിറ്റിഎ-പി8.1208/2016 തീയതി 18.11.2016	22
2016-17	കെഎസ്എ.പിറ്റിഎ-പി8.975/2017 തീയതി 30.08.2017	25
2017-18	കെഎസ്എ.പിറ്റിഎ-പി8.84/2019 തീയതി 08.02.2019	15

2018-19	കെഎസ്എ.പിറ്റിഎ-പി8.1007/2019 തീയതി 13.12.2019	13
2019-20	കെഎസ്എ.പിറ്റിഎ-പി8.418/2021 തീയതി 29.06.2021	എല്ലാ ഖണ്ഡികകളും

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്